**സീനിയർ ആഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.**
**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
**(ഹാജർ.സിദ്ധാർത്ഥൻ.എസ്.).**

വിഷയം. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ജീവനക്കാര്യം -ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും 10% തസ്തികമാറ്റം മുഖേന നിയമനം നൽകുന്നതിനായി എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നീക്കിവെച്ചിട്ടുള്ള ഒഴിവുകളിൽ യോഗ്യരായ ജീവനക്കാർക്ക് തസ്തികമാറ്റം മുഖേന നിയമനം നൽകി ഉത്തരവാകുന്നു.

പരാമർശം:1. സർക്കാർ ഉത്തരവ് (പി) നം. 1/2014/ഉഭപവ തീയതി: 03.01.2014.
2.സർക്കാർ ഉത്തരവ് (പി) നം. 21 /2014/ഉഭപവ തീയതി: 19.07.2014.
3.ഉത്തരവ് നം. എസ്.എ.(2) 30250/16 തീയതി: 29.11.2017.
4. സർക്കാർ ഉത്തരവ് (പി) നമ്പർ 7/2016/ഫിൻ തീയതി: 20.01.2016.

**ഉത്തരവ് നമ്പർ എസ്.എ.(2) 30256/16. തീയതി: 12.12.2017.**

എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനത്തിലേയ്ക്ക് അതാത് വകുപ്പിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം മുഖേന നിയമനം നൽകുന്നതിന് പരാമർശം (1),(2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റത്തിനായി യോഗ്യരായവരുടെ ലിസ്റ്റ് പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം പ്രസിദ്ധീകരിച്ച പട്ടികയിൽ ഉൾപ്പെട്ട താഴെ പറയുന്ന 4 ജീവനക്കാർക്ക് തസ്തികമാറ്റം മുഖേന എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ 19000-43600/-രൂപ ശമ്പള സ്കെയിലിൽ നിയമനം നൽകി ഇതിനാൽ ഉത്തരവാകുന്നു.

| നം. | പേരും തസ്തികയും ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയവും. | തസ്തികമാറ്റം വഴി എൽ.ഡിടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നൽകുന്ന കാര്യാലയം. |
|---|---|---|
| 1. | ശ്രീമതി.ജ്യോതി.ടി.ആർ. ഡ്യൂപ്ലിക്കേറ്റിംഗ്ഓപ്പറേറ്റർ, പ്രിൻസിപ്പൽ കൃഷി ഓഫീസ്, മലപ്പുറം. | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. |
| 2. | ശ്രീമതി.ജലജ.എൻ.ആഫീസ് അറ്റന്റന്റ്, കൃഷിഭവൻ, ആദിച്ചനല്ലൂർ,കൊല്ലം. | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. |
| 3. | ശ്രീമതി.വിനീത.വി, ആഫീസ് അറ്റന്റന്റ് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. |
| 4. | ശ്രീ.സനൽകുമാർ.എസ്.വാച്ച്മാൻ, എസ്.എസ്.എഫ്,കടയ്ക്കൽ,കൊല്ലം. | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. |

ഉത്തരവിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരെ നിലവിൽ ജോലി ചെയ്യുന്ന ഓഫീസിൽ നിന്നും 15 ദിവസത്തിനകം ബന്ധപ്പെട്ട നിയന്ത്രണോദ്യോഗസ്ഥർ വിടുതൽ ചെയ്യേണ്ടതാണ്.ടി ജീവനക്കാർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ ജോലിയ്ക്ക് ഹാജരാകേണ്ടതാണ്. ടി തസ്തികയിൽ പ്രവേശിക്കുന്ന തീയതിമുതൽ തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷക്കാലം ടി ഉദ്യോഗസ്ഥർ പ്രൊബേഷനിൽ ആയിരിയ്ക്കും. ഉദ്യോഗക്കയറ്റം ലഭിച്ചവർക്ക് പരാമർശം 3 ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
സീനിയർഅഡ്മിനിസ്ട്രേറ്റീവ് ഓഫീസർ.

എല്ലാ ബന്ധപ്പെട്ട ജീവനക്കാർക്കും.
(ബന്ധപ്പെട്ട മേലധികാരികൾ മുഖാന്തിരം)

പകർപ്പ്::1.എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും.
2.കൃഷിഡയറക്ടറുടെ നേരിട്ട് നിയന്ത്രണത്തിലുള്ള ഓഫീസ് തലവന്മാർക്കും.
3.കൃഷി ഡയറക്ടറുടെ പി.എ.യ്ക്ക്.
4.എസ്.എ.ഒയുടെ സി.എ.യ്ക്ക്.
5.ഒ &എം/ അക്കൗണ്ട്സ് ഓഫീസറുടെ സി.എ./FCS.
6.ഐ.ടി.സെൽ.(എച്ച്.ക്യു) - ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
7. സ്റ്റോക്ക് ഫയൽ/സ്പെയർ.

12/12/17

Junior Superintendent
SA Section
Directorate of Agriculture
Thiruvananthapuram - 33

എസ്.ജെ. 08.12.17.